**THIRTEENTH KERALA LEGISLATIVE ASSEMBLY**

# COMMITTEE
## ON
# SUBORDINATE LEGISLATION
# (2011-2014)

**SIXTH REPORT**

(Presented on 25th July, 2012)

**On**

**SROs issued under various Acts during 2007-2010**

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2012

THIRTEENTH KERALA LEGISLATIVE ASSEMBLY

# COMMITTEE
# ON
# SUBORDINATE LEGISLATION
# (2011-2014)

**SIXTH REPORT**

(Presented on 25th July 2012)

1145/2012.

CONTENTS


| | | | | Page |
|---|---|---|---|---|
| Composition of the Committee | | | .. | v |
| Introduction | | | .. | vii |
| Chapter I | : | Report | .. | 1 |
| Annexure I | : | List of SROs considered by the Committee | .. | 10 |

## COMPOSITION OF THE COMMITTEE ON SUBORDINATE LEGISLATION (2011-2014)

*Chairman*:

Shri M. Ummer

*Members*:

Shri V. Chenthamarakshan
,, Chittayam Gopakumar
,, Hibi Eden
,, Ludy Luiz
,, N. A. Nellikkunnu
,, Saju Paul
,, A. K. Saseendran
,, V. Sivankutty

*Legislature Secretariat*:

Shri P. K. Muraleedharan, Secretary-in-charge
,, M. Narayanan Potti, Joint Secretary
,, K. S. Anas, Deputy Secretary
Smt. Manju Varghese, Under Secretary.

# INTRODUCTION

I, the Chairman of the Committee on Subordinate Legislation (2011-2014) having been authorised by the Committee, present this Sixth Report of the Committee on its behalf, on the Scrutiny of SROs issued under various Acts during the period 2007-2010.

This report contains the observations, comments and recommendations of the Committee on SROs issued under the provisions of various enactments. The list of SROs considered by the Committee is given as Annexure I.

This Report was finalised by the Committee at its meeting held on 23rd July, 2012.

M. UMMER,
*Chairman,*
*Committee on Subordinate Legislation.*

Thiruvananthapuram,
25th July, 2012.

# റിപ്പോർട്ട്

## 2008-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ആക്ട് (2008-ലെ 20-ാം ആക്ട്)

എസ്.ആർ.ഒ. നമ്പർ 112/2009 തീയതി 2009 ഫെബ്രുവരി 4

സർക്കാർ ഉത്തരവ് (പി) നമ്പർ 17/2009/വ്യവ. തീയതി 2009 ഫെബ്രുവരി 3

1. 2008-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ആക്ടിലെ (2008-ലെ 20) 19-ാം വകുപ്പിലെ (1)-ഉം (2)-ഉം ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് ഉണ്ടാക്കിയ ചട്ടങ്ങളാണ് 2009-ലെ 112-ാം നമ്പർ എസ്.ആർ.ഒ. ഈ ചട്ടങ്ങൾക്ക് "കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ചട്ടങ്ങൾ" എന്നുപറയുന്നു.

2. ചട്ടം (3) വാർഷിക റിട്ടേൺ സമർപ്പിക്കലും സെസ്സ് നിർണ്ണയിക്കലും പിരിച്ചെടുക്കലും സംബന്ധിച്ചുള്ളതാണ്. ഏതെങ്കിലും വ്യാപാരി അയാളുടെ വ്യാപാരം തുടർന്ന് നടത്തുന്നില്ല എങ്കിൽ അതുവരെ നടത്തിയ വ്യാപാരം സംബന്ധിച്ച റിട്ടേൺ അസസ്സിംഗ് ഓഫീസർക്ക് നൽകുന്നത് സംബന്ധിച്ചുള്ളതാണ് ചട്ടം 3(2). ചട്ടം 3(2)-ൽ 'അതുവരെ നടത്തിയ വ്യാപാരം സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്നതുമായ റിട്ടേൺ ബന്ധപ്പെട്ട അസസ്സിംഗ് ഓഫീസർക്ക് വ്യാപാരം അവസാനിപ്പിച്ച 30 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്' എന്നതിൽ 'വ്യാപാരം അവസാനിപ്പിച്ച' എന്ന പ്രയോഗം തെറ്റാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ചട്ടം 3(2)-ലെ 'വ്യാപാരം അവസാനിപ്പിച്ച' എന്ന വാക്കുകൾക്കുപകരം 'വ്യാപാരം അവസാനിപ്പിച്ച്' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3. ചട്ടം 3(2) പ്രകാരമുള്ള ഫാറത്തിന്റെ മാതൃക ചട്ടങ്ങളിൽ ഉൾപ്പെടുത്താതിരുന്നത് ശരിയായില്ല എന്ന് സമിതി വിലയിരുത്തുകയുണ്ടായി. ആയതിനാൽ ചട്ടം 3(2) പ്രകാരമുള്ള ഫാറത്തിന്റെ മാതൃക ചട്ടത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4. ആക്ടിലെ 7-ാം വകുപ്പ് പ്രകാരം 6-ാം വകുപ്പനുസരിച്ച് ലഭ്യമാകുന്ന റിട്ടേണിൽ നൽകിയിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് അസസ്സിംഗ് ഓഫീസർക്ക് സ്വയം ബോധ്യപ്പെട്ടതിനുശേഷം സെസ്സ് തുക ഉത്തരവുവഴി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ചട്ടം 3(4) പ്രകാരം റിട്ടേൺ സമർപ്പിക്കുന്നതിൽ വീഴ്ചവരുത്തുകയോ തെറ്റായിട്ടുള്ളതോ അപൂർണ്ണമായിട്ടുള്ളതോ ആയ റിട്ടേണുകൾ നൽകുകയോ ചെയ്യുമ്പോൾ മാത്രമേ സെസ്സ് തുക ഉത്തരവുവഴി തിട്ടപ്പെടുത്തേണ്ടതുള്ളൂ. കൂടാതെ സർക്കാർ കാലാകാലങ്ങളിൽ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന നിരക്കിൽ സെസ്സ് തുക തിട്ടപ്പെടുത്തേണ്ടതാണെന്ന് മാത്രമാണ് ചട്ടം 3(3)-ൽ പറഞ്ഞിരിക്കുന്നത്. ആക്ടിലെ 7-ാം വകുപ്പ് പ്രകാരം 6-ാം വകുപ്പനുസരിച്ച് സമർപ്പിക്കപ്പെടുന്ന വീഴ്ചവരുത്തപ്പെട്ടതോ അപൂർണ്ണമോ അല്ലാത്തതായ റിട്ടേണുകളിലും സെസ്സ് തുക ഉത്തരവുവഴി തിട്ടപ്പെടുത്തേണ്ടതാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ ചട്ടം 3(3)-ലെ 'തുക തിട്ടപ്പെടുത്തേണ്ടതാണ്' എന്നത് 'തുക ഉത്തരവുവഴി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് ഭേദഗതി വരുത്തുവാൻ സമിതി ശുപാർശ ചെയ്യുന്നു.

5. ചട്ടം 7-ലെ 'ഈ ആക്ടുപ്രകാരം സെസ്സായി പിരിച്ചെടുക്കുന്ന തുക അസസ്സിംഗ് ഓഫീസർ ആയതിലേക്കുള്ള രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയശേഷം അടുത്ത പ്രവൃത്തി ദിവസം സർക്കാർ അനുവദിച്ചിട്ടുള്ള അക്കൗണ്ടിന്റെ ശീർഷകത്തിൽ സഞ്ചിതനിധിയിൽ അടയ്ക്കേണ്ടതാണ്.' ചട്ടങ്ങളിൽ "ഈ ചട്ടങ്ങൾ പ്രകാരം" എന്ന് ചേർക്കാറുണ്ടെങ്കിലും "ഈ ആക്ട് പ്രകാരം" എന്ന ഇതിലെ പ്രയോഗം ഉചിതമല്ല എന്ന് സമിതി അഭിപ്രായപ്പെടുകയും "ആക്ട് പ്രകാരം" എന്ന് ഭേദഗതി വരുത്തുവാൻ ശുപാർശ ചെയ്യുകയും ചെയ്യുന്നു.

6. ചട്ടം 10(2)-ൽ പരാമർശിക്കുന്ന പെനാൽറ്റിയെ സംബന്ധിച്ച് ചട്ടങ്ങളിൽ മറ്റെവിടെയും പരാമർശിച്ചിട്ടില്ല. ആയതിനാൽ ചട്ടം 10(2)-ൽ പറഞ്ഞിരിക്കുന്ന പെനാൽറ്റി എന്നതിന് വ്യക്തത വരുത്തുവാനായി 'പെനാൽറ്റി' എന്നത് '10-ാം വകുപ്പു പ്രകാരമുള്ള പിഴ' എന്ന് തിരുത്തുവാൻ സമിതി ശുപാർശ ചെയ്യുന്നു.

7. ആക്ട് പ്രകാരം കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വ്യാപാരികൾ സെസ്സ് നൽകേണ്ടതാണ്. ആയതിനാൽ വ്യാപാരികൾ പ്രസ്തുത വർഷത്തിൽ നടത്തിയ വ്യാപാരം സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന റിട്ടേൺ നൽകേണ്ട ഫാറം നമ്പർ 1-ലെ വിൽപ്പന സംബന്ധിച്ച അളവ് ഏത് ഏകകത്തിലാണ് രേഖപ്പെടുത്തേണ്ടതെന്ന് (കിലോഗ്രാം/ടൺ) വ്യക്തമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

8. ചട്ടം 8(i) പ്രകാരമുള്ള ഫാറം നമ്പർ 3-ൽ കയർ, കയറുൽപ്പന്നങ്ങൾ എന്നിവയുടെ അളവ് തൂക്കത്തിൽ രേഖപ്പെടുത്തണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിനാൽ എല്ലാ കയറുൽപ്പന്നങ്ങളുടെയും അളവ് തൂക്കത്തിൽ രേഖപ്പെടുത്തണമെന്നുള്ളത് പ്രായോഗികമാണോയെന്ന് പരിശോധിക്കണമെന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

9. ആക്ടിലെ 5-ാം വകുപ്പ് പ്രകാരം "നിർണ്ണയിക്കപ്പെടുന്ന രീതിയിലുള്ള രജിസ്റ്ററുകളും റിക്കാർഡുകളും ഓരോ വ്യാപാരിയും അവരവരുടെ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്." ചട്ടം 8 ഓരോ വ്യാപാരിയും സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും സംബന്ധിച്ചുള്ളതാണ്. ചട്ടം 8(ii) അസസ്സിംഗ് ഓഫീസർ സ്ഥാപനത്തിൽ സന്ദർശിച്ചതും അഭിപ്രായം രേഖപ്പെടുത്തിയതുമായ രജിസ്റ്റർ സംബന്ധിച്ചുള്ളതും ചട്ടം 8(iv) കയറ്റുമതി പ്രകാരമുള്ള വിൽപ്പനയുടെയും സംസ്ഥാനത്തിന് പുറത്തേക്ക് നടത്തിയ വിൽപ്പനയുടെയും കണക്കുകളുടെ പ്രത്യേകമായ രജിസ്റ്ററുകൾ സംബന്ധിച്ചുള്ളതുമാണ്. ചട്ടം 8(ii), ചട്ടം 8(iv) പ്രകാരമുള്ള രജിസ്റ്ററുകളുടെ മാതൃക ചട്ടങ്ങളോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല എന്നു സമിതി കണ്ടെത്തി. ആയതിനാൽ ചട്ടം 8(ii), ചട്ടം 8(iv) പ്രകാരമുള്ള രജിസ്റ്ററുകളുടെ മാതൃക ചട്ടത്തിൽ ഉൾപ്പെടുത്തി ചട്ടം ഭേദഗതി ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

എസ്. ആർ. ഒ. നമ്പർ 113/2009 തീയതി 4-2-2009

[ജി. ഒ. (പി) നമ്പർ 16/2009/വ്യവ. തീയതി 2-2-2009]

10. 2009-ലെ 113-ാം നമ്പർ എസ്.ആർ.ഒ. നടപ്പുവർഷം 2009 ജനുവരി മാസം 31-ാം തീയതി മുതലുള്ള വിറ്റുവരവിന്മേൽ അടയ്ക്കേണ്ടതായ സെസ്സ് നിരക്ക് നിശ്ചയിച്ചുകൊണ്ടുള്ളതാണ്. ആയതിനാൽ 113/2009-ാം നമ്പർ എസ്.ആർ.ഒ. യിലെ നിരക്ക് പ്രകാരം സെസ്സ് പിരിച്ചിരുന്നോയെന്നും 2009 ഏപ്രിൽ ഒന്നുവരെയുള്ള കാലയളവിലെ സെസ്സ് കുടിശ്ശികയായി പിരിച്ചത് പ്രസ്തുത നിരക്ക് പ്രകാരമായിരുന്നോ യെന്നതും സംബന്ധിച്ച വിവരം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

എസ്. ആർ. ഒ. നമ്പർ 429/2009 തീയതി 30-5-2009

[സ. ഉ. (പി) നമ്പർ 60/09/ഐ.ഡി. തീയതി 29-5-2009]

11. 2009-ലെ 113-ാം നമ്പർ എസ്.ആർ.ഒ.യെ അതിലംഘിച്ചുകൊണ്ടും സെസ്സ് നിരക്ക് കുറച്ചുകൊണ്ടുമാണ് 429/2009 എസ്.ആർ.ഒ. പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത എസ്.ആർ.ഒ.യിലെ ഓപ്പറേറ്റീവ് പാർട്ടിൽ 'ചകിരി, നാര്' എന്നും സെസ്സ് നിരക്ക് നിശ്ചയിച്ചുകൊണ്ടുള്ള പട്ടികയിലെ ക്രമനമ്പർ 2 ആയി 'ചകിരിനാര്' എന്നും പറഞ്ഞി രിക്കുന്നു. ഓപ്പറേറ്റീവ് പാർട്ടിൽ 'ചകിരി, നാര്' എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് തെറ്റാണെന്ന് സമിതി കണ്ടെത്തുകയും ആയത് 'ചകിരിനാര്' എന്ന് തിരുത്തണമെന്ന് ശുപാർശ ചെയ്യുകയും ചെയ്യുന്നു.

എസ്. ആർ. ഒ. നമ്പർ 430/2009 തീയതി 30-5-2009.

[ജി. ഒ. (പി) നമ്പർ 635/09/തൊഴിൽ തീയതി 29-5-2009]

12. ആക്റ്റിലെ 4-ാം വകുപ്പുപ്രകാരം അസസ്സിംഗ് ഓഫീസർമാരെ നിയമിച്ചുകൊണ്ടുള്ളതാണ് 430-ാം നമ്പർ എസ്.ആർ.ഒ.

13. 2008-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ആക്ട് 2009 ജനുവരി 31-ാം തീയതി പ്രാബല്യത്തിൽ വന്നുവെങ്കിലും 4-ാം വകുപ്പുപ്രകാരം അധികാരപരിധി നിശ്ചയിച്ചുകൊണ്ട് അസസ്സിംഗ് ഓഫീസർമാരെ നിയമിച്ചത് 2009 മേയ് 29-ാം തീയതി മാത്രമാണെന്ന് സമിതി നിരീക്ഷിച്ചു. ചട്ടം 3(1) പ്രകാരം ഏപ്രിൽ 30-നോ അതിനു മുമ്പോ വ്യാപാരികൾ മുൻ സാമ്പത്തിക വർഷത്തെ റിട്ടേൺ അസസ്സിംഗ് ഓഫീസർക്ക് സമർപ്പിക്കണമെന്നിരിക്കെ 2009 ജനുവരി 31 മുതൽ മാർച്ച് 31 വരെയുള്ള കാലയള വിലെ റിട്ടേൺ എപ്രകാരമാണ് സമർപ്പിക്കപ്പെട്ടത് എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## 2007-ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ആക്റ്റ് (2007-ലെ 9-ാം ആക്റ്റ്)

എസ്.ആർ.ഒ. നമ്പർ 1021/2007 തീയതി 7-12-2007

[സ. ഉ. (പി) നമ്പർ 48/2007/മ.തു.വ. തീയതി 29-11-2007]

14. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യത്തിന്റെയും മത്സ്യോത്പന്നങ്ങളുടെയും അനുബന്ധവസ്തു ക്കളുടെയും ഉപകരണങ്ങളുടെയും സംസ്ഥാനത്തിനകത്തുള്ള വിറ്റുവരവിൻമേൽ സെസ്സ്

ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനുമായി വ്യവസ്ഥ ചെയ്യുന്നതിലേക്കായി നിലവിൽ വന്ന ആക്റ്റായ 2007-ലെ കേരള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധതൊഴിലാളി കളുടെയും ക്ഷേമ സെസ്സ് ആക്ടിലെ (2007-ലെ 9-ാം ആക്ട്) 20-ാം വകുപ്പ് (1)-ഉം 2-(ഉം) ഉപവകുപ്പുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളാണ് 1021/2007-ാം നമ്പർ എസ്.ആർ.ഒ.

15. ചട്ടം 3 (2) പ്രകാരം വ്യാപാരം തുടർന്ന് നടത്തുന്നില്ല എന്ന് തീരുമാനിച്ച വ്യാപാരി, അയാൾ വ്യാപാരം അവസാനിപ്പിച്ച വർഷത്തിൽ ഏത് തീയതി വരെ വ്യാപാരം നടത്തി എന്നു കാണിക്കുന്നതും ആ വർഷത്തിൽ അതുവരെ നടത്തിയ വ്യാപാരം സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്നതുമായ റിട്ടേൺ ബന്ധപ്പെട്ട അസസ്സിംഗ് ഓഫീസർക്ക് വ്യാപാരം അവസാനിപ്പിച്ച് 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. എന്നാൽ റിട്ടേൺ സമർപ്പിക്കുന്നതിനുള്ള ഫാറത്തിന്റെ മാതൃക ചട്ടങ്ങളിൽ ഉൾപ്പെടുത്തി യിട്ടില്ല എന്ന് സമിതി നിരീക്ഷിക്കുകയുണ്ടായി. ആയതിനാൽ, ചട്ടം 3 (2) പ്രകാരം വ്യാപാരം തുടർന്ന് നടത്തുന്നില്ല എന്ന് തീരുമാനിച്ച വ്യാപാരികൾ സമർപ്പിക്കേണ്ട റിട്ടേൺ സംബന്ധിച്ച ഫാറം ചട്ടങ്ങളിൽ ഉൾപ്പെടുത്തി ചട്ടം ഭേദഗതി ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

16. ചട്ടം 3(4)-ലെ 'ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരമുള്ള' എന്നത് 'ആക്റ്റിലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ്' എന്നു തിരുത്തണമെന്നും ചട്ടം 4-ലെ 'തീയതിക്കകം' എന്ന വാക്കിനുശേഷമുള്ള 'കോമ' ചിഹ്നം ഒഴിവാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

17. ചട്ടം 6-ലെ അവസാന വരിയിലെ 'നൽകുകയോ ചെയ്യാവുന്നതാണ്' എന്നത് 'നൽകുകയോ ചെയ്യേണ്ടതാണ്' എന്നും ചട്ടം 7-ലെ 'അടുത്ത പ്രവൃത്തി ദിവസം' എന്നത് 'തൊട്ടടുത്ത പ്രവൃത്തി ദിവസം' എന്നും ചട്ടം 8-ലെ 'അയായത്' എന്നത് 'അതായത്' എന്നും ചട്ടം 9 (2)-ലെ 'പരിശോധന നടത്തുന്നതിനായി തുറക്കുവാൻ ആവശ്യപ്പെടാവുന്നതാണ്' എന്നത് 'തുറന്ന് പരിശോധന നടത്താവുന്ന താണ്' എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

18. ചട്ടം 8-ൽ വ്യാപാരികൾ സൂക്ഷിക്കേണ്ട രജിസ്റ്ററും രേഖകളും (i) മുതൽ (iv) വരെയുള്ള ഇനങ്ങളിലായി രേഖപ്പെടുത്തിയിരിക്കുന്നു. ചട്ടം 8 (i)-ൽ ഓരോ വ്യാപാരിയും സൂക്ഷിക്കേണ്ട 'മത്സ്യം, മത്സ്യഉത്പ്പന്നങ്ങൾ എന്നിവയുടെ വാങ്ങൽ, വിൽക്കൽ സംബന്ധിച്ച ഫാറം നമ്പർ 1-ലുള്ള രജിസ്റ്റർ' എന്നത് തെറ്റാണെന്ന് സമിതി കണ്ടെത്തു കയും രജിസ്റ്ററിന്റെ മാതൃക ഫാറം നമ്പർ 2 ആണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തു. ആയതിനാൽ ചട്ടം 8 (i)-ൽ പരാമർശിച്ചിട്ടുള്ള 'ഫാറം നമ്പർ 1' എന്നുള്ളത് 'ഫാറം നമ്പർ 2' എന്നാക്കി മാറ്റണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19. ചട്ടം 8 (ii)-ൽ പരാമർശിച്ചിരിക്കുന്ന അസസ്സിംഗ് ഓഫീസർ സ്ഥാപനം സന്ദർശിച്ചതും അഭിപ്രായങ്ങൾ രേഖപ്പെടുത്തേണ്ടതുമായ വിസിറ്റ് ബുക്കിന്റെയും 8 (iv)-ൽ പരാമർശിച്ചിരിക്കുന്ന കയറ്റുമതി പ്രകാരമുള്ള വില്പനയുടെയും സംസ്ഥാനത്തിന് പുറത്തേക്ക് നടത്തിയ വില്പനയുടെയും കണക്കുകളുടെ പ്രത്യേകമായ രജിസ്റ്ററുകളു ടെയും മാതൃക ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നു കണ്ടെത്തിയ സമിതി, ചട്ടം 8 (ii) പ്രകാരമുള്ള വിസിറ്റ് ബുക്കിന്റെയും ചട്ടം 8 (iv) പ്രകാരമുള്ള രജിസ്റ്ററുകളുടെയും

മാതൃക കൂടി ഉൾപ്പെടുത്തി ചട്ടം ഭേദഗതി ചെയ്യണമെന്ന് ശുപാർശ ചെയ്യുന്നു. കൂടാതെ, ചട്ടം 8 (ii)-ൽ 'അസസ്സിംഗ് ഓഫീസർ സ്ഥാപനത്തിൽ സന്ദർശിച്ചതും' എന്നത് 'അസസ്സിംഗ് ഓഫീസർ സ്ഥാപനം സന്ദർശിച്ചതും' എന്ന് തിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

20. ചട്ടങ്ങളിലെ 'ഫാറം 1'-ൽ ഉപയോഗിച്ചിട്ടുള്ള 'ട്രേഡ്' എന്ന വാക്ക് ആക്റ്റിലോ ചട്ടത്തിലോ നിർവ്വചിച്ചിട്ടില്ല എന്ന് സമിതി കണ്ടെത്തി. ആയതിനാൽ 'ട്രേഡ്' എന്ന വാക്കിനുപകരമായി ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ള 'വ്യാപാരം' എന്ന വാക്ക് ഉപയോഗിക്കുന്നതാവും ഉചിതമെന്ന നിയമവകുപ്പ് ഉദ്യോഗസ്ഥരുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ചട്ടത്തിലെ ഫാറം 1-ൽ 'ട്രേഡ്' എന്ന വാക്കിനുപകരം 'വ്യാപാരം' എന്ന വാക്ക് ചേർക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21. ഫാറം നമ്പർ 1, 2 എന്നിവയിൽ അളവുകൾ, തുക എന്നിവ അക്ഷരത്തിലും അക്കത്തിലും രേഖപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

22. ഫാറം നമ്പർ 3-ലെ 'ഉത്തരവ് നടത്തിയ തീയതി' എന്നത് അവ്യക്തമാണെന്ന് നിരീക്ഷിച്ച സമിതി 'ഉത്തരവ് ലഭിച്ച/നടത്തിയ തീയതി' എന്ന് തിരുത്തൽ വരുത്തണമെന്നും അതേ ഫാറത്തിലെ സത്യപ്രസ്താവനയ്ക്ക് 'പരിശോധനാക്കുറിപ്പ്' എന്ന് തലവാചകം നൽകിയിരിക്കുന്നത് ഉചിതമല്ലെന്ന് വിലയിരുത്തുകയും ആയത് 'സത്യപ്രസ്താവന' എന്ന് തിരുത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

23. ഫാറം നമ്പർ 3-ലെ പരിശോധനാക്കുറിപ്പ് തുടങ്ങുന്നത് 'അപേക്ഷകനായ/രായ' എന്നതിനാൽ ഫാറത്തിലെ 'എന്റെ അറിവിലും' എന്നുള്ളത് 'എന്റെ/ഞങ്ങളുടെ അറിവിലും' എന്ന് തിരുത്തണമെന്ന് ശുപാർശ ചെയ്യുന്നു.

## THE KERALA BEEDI AND CIGAR WORKERS' WELFARE FUND ACT, 1995 (ACT 1 OF 1995)

S.R.O. No. 514/2007 dated 14-6-2007

[G.O.(Rt.) No. 1787/2007/LBR dated 7-6-2007]

S.R.O. No. 864/2007 dated 19-10-2007

[G.O.(Rt.) No. 3045/2007/LBR dated 15-10-2007]

24. By these S.R.Os. the Government have in exercise of the powers conferred by Section 7 of the Act, appointed Directors in 'The Kerala Beedi and Cigar Workers' Welfare Fund Board'.

25. The Committee points out that the word 'Workers' is wrongly given as 'Worker' in the name of the Act and the Board. The Committee has recommended time and again that the name of the Acts, Rules and Boards should be given correctly in statutory notifications. *The Committee takes strong exception to repetition of such mistakes in statutory notifications and recommends to take firm steps to prevent recurrence of such mistakes.*

THE KERALA KHADI WORKERS' WELFARE FUND ACT, 1989
(ACT 1 OF 1989)

S.R.O. No. 754/2010 dated 31-7-2010

G.O.(Rt.) No. 1035/2010/ID dated 19-7-2010

26. By this S.R.O., the Government have in exercise of the powers conferred by sub–sections (1), (3) and (4) of section 6 of the Act, reconstituted 'The Kerala Khadi Workers' Welfare Fund Board'.

27. The Committee understands that the Board, the term of which expired on 4th May 2007 was reconstituted only on 31st July 2010 after a lapse of more than 3 years. *The Committee recommends that the Industries Department should take necessary steps to ensure that The Kerala Khadi Workers' Welfare Fund Board is reconstituted in time and in case there is a delay, the reconstitution is to be done with retrospective effect. Also, the Committee finds that the explanatory note does not suggest the date on which the term of the Board expired. Hence the Committee suggests that the explanatory note should invariably contain all the relevant details so as to make the same self contained.*

28. The Committee finds that only the Director representing the Industries Department has been included in the Board and the Directors representing the Finance and the Labour Departments have been omitted during the reconstitution of the Board. *Hence the Committee recommends that all the Members representing the Government should be included in the Board.*

29. The Committee notes that the details of the Members, representing each category, are not mentioned in the S.R.O. *Hence the Committee suggests that the category representing each Member should also be indicated along with their names.*

THE KERALA BAMBOO, KATTUVALLI AND PANDANUS LEAF WORKERS' WELFARE FUND ACT, 1998
( ACT 17 OF 1998)

S.R.O. No. 36/2007 dated 15th January 2007

[G.O. (Rt.) No. 114/2007/LBR dated 15-1-2007]

30. By this S.R.O., the Government have in exercise of the powers conferred by sub-sections (1), (3), (4) and (5) of Section 6 of the Act, constituted the Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund Board.

31. *The Committee points out that the word 'Kattuvalli' is wrongly spelt as 'Kattuvally' and 'Workers' is given as 'Worker's' in the name of the Act and Board mentioned in the S.R.O. The Committee takes strong exception to repetition of such mistakes in statutory notifications.*

32. As per sub-section(5) of Section 6 of the Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund Act, the Government shall publish the names of the Chairman and Directors of the Board in the Gazette. The Committee finds that appointment of one of the directors representing the Government in the Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund Board is notified only by the designation 'Regional Joint Commissioner' and name of the Director is not mentioned. Therefore, *the Committee recommends the Labour Department to publish henceforth the name of the Regional Joint Labour Commissioner in the Gazette as stipulated in the Act.*

33. As per sub-section (3) of Section 6 of the said Act, out of the total number of directors one-third shall represent the Bamboo, Kattuvalli and Pandanus Leaf Workers including self-employed persons, one-third shall represent the Government and the remaining one-third shall represent employers, dealers or producers of Bamboo, Kattuvalli and Pandanus leaf products.

34. The Committee finds that one-third representation is not given to Directors representing employers. *Hence the Committee recommends that all the members representing the employers should be included in the Board.*

S.R.O. No. 344/2007 dated 17th April 2007

[G.O. (Ms.) No. 114/2007/LBR dated 23rd January 2007]

35. 1998-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ (1998-ലെ 17) 3-ാം വകുപ്പു പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 1998 ജൂൺ 18-ാം തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ എംഎസ്. 70/99/തൊഴിൽ ആയി പുറപ്പെടുവിച്ച കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ളതാണ് പ്രസ്തുത എസ്. ആർ. ഒ.

36. എസ്. എസ്. എൽ. സി. പരീക്ഷയിൽ 65%-ൽ അധികം മാർക്ക് വാങ്ങുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പുകളുടെ എണ്ണം 15-ൽ നിന്നും 20 ആയി ഉയർത്തുവാൻ 13-6-2005-ൽ ചേർന്ന ബോർഡുയോഗം തീരുമാനിച്ചെങ്കിലും ഇതിൻപ്രകാരം പദ്ധതി ഭേദഗതി ചെയ്തിരിക്കുന്നത് 23-1-2007-ൽ മാത്രമാണ്. ഇരുപത് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് കൊടുക്കാൻ തീരുമാനിച്ചിട്ട് ഇതുവരെയും നടപ്പാക്കിയിട്ടില്ല എന്നത് വലിയൊരു വീഴ്ചയായി സമിതി വിലയിരുത്തി. ആയതിനാൽ ഇതു സംബന്ധിച്ച നടപടികൾ എത്രയും പെട്ടെന്ന് നടപ്പാക്കണമെന്ന് തൊഴിലും പുനരധിവാസവും വകുപ്പിനോട് സമിതി ശുപാർശ ചെയ്യുന്നു.

S.R.O. No. 619/2007 dated 17th July 2007

[G.O. (Rt.) No. 2058/2007/LBR dated 29th June 2007]

37. This S.R.O. is meant for the reconstitution of 'The Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund Board.

38. The Committee points out that the words 'workers" and 'Kattuvalli' are wrongly given as 'Worker's' and 'Kattuvally' in the name of the Act and Board. *The Committee takes strong exception to the repetition of such mistakes in the Statutory Notifications.*

THE KERALA ADVOCATES' CLERKS WELFARE FUND ACT, 2003
(ACT 27 OF 2003)

S.R.O. No. 4/2007 dated 3rd January 2007

[G.O. (P.) No. 1/2007/Law dated 3-1-2007]

39. This S.R.O. is issued in exercise of powers conferred by Section 4 of the Kerala Advocates' Clerks Welfare Fund Act 2003 (Act 27 of 2003) to nominate an officer from Finance Department as a member of the Kerala Advocates' Clerks Welfare Fund Committee in place of another officer from the same department.

40. *The Committee notices that the reason for replacement of the member is not mentioned either in the operative part or in the explanatory part of the S. R. O.*

41. As per Section 4 of the Kerala Advocates' Clerks Welfare Fund Act, 2003 the name of the Committee is 'The Kerala Advocates' Clerks Welfare Fund Committee'. The Committee points out that the name of the Committee is wrongly given as 'The Kerala Advocates' Clerk's Welfare Fund Committee.' *The Committee reiterates its earlier comment that the name of the Committees, Acts and Rules should be given correctly in statutory notifications. The Committee also urges Government to take suitable action to avoid such instances in future.*

THE KERALA CASHEW WORKERS' RELIEF AND WELFARE
FUND ACT, 1979
(ACT 19 OF 1984)

S.R.O. No. 548/2007 dated 22nd June 2007

[G.O. (Rt.) No. 1906/2007/LBR dated 16-6-2007]

42. The S.R.O. deals with the appointment of Directors in 'The Kerala Cashew Workers' Relief and Welfare Fund Board'. By this S.R.O. Government

have amended the Schedule in S.R.O. 1382/2004 dated 30-12-2004 by which the Kerala Cashew Workers' Relief and Welfare Fund Board was reconstituted.

43. As per para 3 of the Kerala Cashew Workers' Relief and Welfare Fund Scheme, 1988, 15 Directors are to be appointed in the Cashew Workers' Relief and Welfare Fund Board with 5 Directors each representing Government, employers and employees.

44. The Committee finds that only 12 Directors are seen nominated in the Board. *The Committee recommends that all the Directors should be appointed as prescribed in the Act and Rules framed thereunder.*

M. Ummer,
*Chairman,*
*Committee on Subordinate Legislation.*

Thiruvananthapuram,
25th July, 2012.

ANNEXURE I

LIST OF S.R.Os. CONSIDERED BY THE COMMITTEE

1. The Kerala Coir Workers' Welfare Cess Act, 2008 (20 of 2008)

   S. R. O. Nos. 52/2009, 112/2009, 113/2009, 429/2009, 430/2009

2. The Kerala Fishermen's and Allied Workers' Welfare Cess Act, 2007 (Act 9 of 2007)

   S. R. O. No. 1021/2007

3. The Kerala Beedi and Cigar Workers' Welfare Fund Act, 1995 (18 of 1995)

   S. R. O. Nos 514/2007, 864/2007

4. The Kerala Khadi Workers' Welfare Fund Act, 1989 (1 of 1989)

   S. R. O. No. 754/2010

5. The Kerala Bamboo, Kattuvalli and Pandanus Leaf Workers' Welfare Fund Act, 1998 (17 of 1998)

   S. R. O. Nos. 36/2007, 344/2007, 619/2007

6. The Kerala Advocates' Clerks Welfare Fund Act, 2003 (Act 27 of 2003)

   S. R. O. Nos. 4/2007, 1024/2007

7. The Kerala Cashew Workers' Relief and Welfare Fund Act, 1979 (19 of 1984)

   S. R. O. No. 548/2007

8. The Kerala Coir Workers' Welfare Fund Act, 1987 (34 of 1987)

   S. R.O. Nos. 163/2007, 209/2007, 501/2007

9. The Kerala Anti-Social Activities (Prevention) Act, 2007 (Act 34 of 2007)

   S. R. O. Nos. 71/2007, 320/2007